മിസ്റ്റർ സി. എസ്സ്. പണിക്കർ: ധനസഹായം ചെയ്യാൻ നീക്കിവെച്ചിട്ടുള്ള സംഖ്യ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയല്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതെ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഒരു ലോൺ ആപ്ലിക്കേഷൻ അന്വേഷണത്തിലിരിക്കുന്നു എന്നു പറഞ്ഞല്ലോ. അന്വേഷണം കഴിഞ്ഞാൽ ആ റിപ്പോർട്ടിന്റെ വിവരം പറയാൻ സാധിക്കുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതു് ഈ ഹൈസിന്റെ മുമ്പിൽ കൊണ്ടുവരുന്നതു ശരിയല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അന്വേഷണക്കാർ ആരൊക്കെയാണു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ചീഫ് ഇഞ്ചിനീയർ, കൺസർവേറ്റർ, ചാക്കോള ലോനപ്പൻ, ടാറാക്കമ്പനി മാനേജർ കെ. പി. റാവു മുതലായവർ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കെ. പി. റാവു പുതിയ മെമ്പറാണോ?

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: അല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വലിയ ധനവാന്മാർ നടത്തിവരുന്ന വ്യവസായങ്ങൾക്കു ലോൺ സംഖ്യ കൊടുക്കുന്നതിനേക്കാൾ, ചുരുങ്ങിയ സംഖ്യകൊണ്ടു് വ്യവസായം നടത്തുന്ന സാധുക്കളുടെ വ്യവസായങ്ങൾക്കു ലോൺ സംഖ്യ കൊടുക്കുന്നതാണു് കൂടുതൽ ആവശ്യമെന്നു ഗവൺമെണ്ടിനു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതു് ഒരഭിപ്രായം മാത്രമാണു്. കോട്ടേജ് ഇൻഡസ്ട്രീസിനും പ്രോത്സാഹനം നൽകണമെന്നുള്ളതാണു് ഗവൺമെണ്ടിന്റെ ഉദ്ദേശം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഈ ആവശ്യത്തിനു് 10 രൂപയുടെ ലോൺ അപേക്ഷിച്ചാൽ അതിനു ഉറപ്പു വേണമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആവശ്യമില്ല. ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസിന്റെ റിപ്പോർട്ടനുസരിച്ചാണു് അതനുവദിക്കുക.

മിസ്റ്റർ കെ. ഐ. വേലായുധൻ: അങ്ങിനെ എത്ര രൂപാവരെ കൊടുക്കാം?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: 10 രൂപാവരെ.

മിസ്റ്റർ കെ. ടി. അച്യുതൻ: കോട്ടേജ് ഇൻഡസ്ട്രീസിനു ധനസഹായം ചെയ്യുന്നുണ്ടു് എന്ന കാര്യത്തിനു പബ്ലിസിറ്റി കൊടുക്കാമോ; ലോക്കൽ പേപ്പറുകളിൽ പരസ്യംചെയ്യാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: വിരോധമില്ല.

PUBLIC LATRINE IN THE CHITTUR MUNICIPALITY

4. മിസ്റ്റർ ആർ. എസ്സ്. തേവണ്ണകവുണ്ടർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ചിറ്റൂർ മുനിസിപ്പാലിറ്റി അതൃത്തിക്കുള്ളിൽ രണ്ടു വീടുകളുടെ അടുക്കള കൾക്കു മദ്ധ്യത്തിലായി ഒരു പബ്ലിക്ക് ക്ലോസ് കെട്ടിയിട്ടുള്ളതു് ഗവൺമെണ്ടിനറിയാമോ;

(ബി) ഇതിനെപ്പറ്റിയുള്ള സങ്കടം ഗവൺമെണ്ടറിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനു എന്തു നടപടിയാണു് എടുത്തിട്ടുള്ളതു്?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണകവുണ്ടർ: ചിറ്റൂർ മുൻസിപ്പാലിറ്റിവകയായ ബസ്സ് സ്റ്റാൻറിന്റെ അടുത്തു് രണ്ടു് അടുക്കളയ്ക്കു് മദ്ധ്യത്തിലായി ഒരു പബ്ലിക്ക് ക്ലോസയുള്ളതായി ഗവൺമെണ്ടു് മനസ്സിലാക്കീട്ടുണ്ടോ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: രണ്ടു് അടുക്കളയുടെ നടുവിലായി ഒരു ക്ലോസ കെട്ടുകയല്ലാ ഉണ്ടായിട്ടുള്ളതു്. ആദ്യം ഒരു അടുക്കള ഉണ്ടായിരുന്നു. അതിന്റെ അടുത്തു് ഒരു ക്ലോസയും ഉണ്ടായിരുന്നു. രണ്ടാമത്തെ അടുക്കള പിന്നീടു പണിതതാണു്.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണകവുണ്ടർ: ആദ്യംകെട്ടിയതു് വീടോ, ക്ലോസയോ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: ക്ലോസയാണു ആദ്യം കെട്ടിയതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ആർ. എസ്സ്. തേവണ്ണകവുണ്ടർ : അങ്ങിനെയല്ലാ ഉണ്ടായിട്ടുള്ളതു്. ഏതു യാലും, ഈ കക്കൂസുകൊണ്ടു് വിട്ടുകാർക്കു് ഉപദ്രവമാണെന്നു് കണ്ടാൽ, അതു് അവിടെനിന്നും സ്ഥലം മാറ്റാമോ; ഇടയ്ക്കു ഉണ്ടായിരുന്ന അടുക്കളക്കും കക്കൂസക്കും എത്ര ദൂരമുണ്ടു്?

റാവുസാഹിബു് കെ. അയ്യപ്പൻ : നാലഞ്ചു് തവണ അന്വേഷണം നടത്തിയ ഒരു ഫയൽ ഇതിനെ സംബന്ധിച്ചു് ഉണ്ടു്. രണ്ടു ദിവാൻജിമാർ ഇതിനെപ്പറ്റി ഉത്തരവുകൾ പാസ്സാക്കിട്ടുണ്ടു്. മൻസിപ്പാലിറ്റിയും ഇതിനെപ്പറ്റി പല പ്രാവശ്യവും അന്വേഷണം നടത്തിട്ടുണ്ടു്. അപ്പോഴൊക്കെ ഇതുകൊണ്ടു് ഉപദ്രവമില്ലയെന്നാണു് റിപ്പോർട്ടു ചെയ്തിട്ടുള്ളതു്. എങ്കിലും, ഇനിയും അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതിനെപ്പറ്റി അന്വേഷണം നടത്തിയ ദിവാൻജിമാരുടെ അഭിപ്രായമെന്താണു്?

റാവുസാഹിബു് കെ. അയ്യപ്പൻ: ദിവാൻജിമാർ അന്വേഷണം നടത്തിയില്ല. കക്കൂസ അവിടെനിന്നും മാറേറണ്ടതില്ലാ എന്നു ഉത്തരവാക്കുകമാത്രമെ ചെയ്തിട്ടുള്ളു. കക്കൂസയാണു് അവിടെ ഇടയ്ക്കു കെട്ടിയതു്. അതിനുശേഷമാണു് അടുക്കള കെട്ടിയതു്. അവിടത്തെ ബസ്സ്സ്റ്റാൻറിൽ വന്നു പോകുന്ന ജനങ്ങൾക്കു ഒരു കക്കൂസ അവിടെ അത്യാവശ്യമാണു്. അതു വേറെ ഒരു സ്ഥലത്തു കെട്ടാൻ സൌകര്യമില്ല.

മിസ്റ്റർ പി. കെ. ഡീവർ : അടുക്കള അവിടെനിന്നും മാറ്റുവാൻ വല്ല ഏർപ്പാടും ചെയ്യാമോ?

റാവുസാഹിബു് കെ. അയ്യപ്പൻ : ആവശ്യക്കാർക്കു് മാറ്റാം.

മിസ്റ്റർ കെ എസ്സ്. പണിക്കർ : ഈ കക്കൂസ അടുക്കളയോടു തൊട്ടാകയാൽ അവിടെ താമസിക്കുന്നവർക്കു് വളരെ അസൌകര്യമുണ്ടെന്നു് ഗവർമ്മെണ്ടിന്നറിയാമോ?

റാവുസാഹിബു് കെ. അയ്യപ്പൻ : അടുക്കള ഒരു വ്യക്തിയുടെ വകയാണു്. ആ വ്യക്തിയുടെ സൌകര്യമല്ല, പൊതുജനങ്ങളുടെ സൌകര്യമാണു് മുഖ്യമായി ഗവർമ്മെണ്ടു നോക്കേണ്ടതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : എന്നാൽ പൊതുജനങ്ങളുടെ സൌകര്യത്തിന്നു് കക്കൂസ അവിടെനിന്നും മാറ്റി സ്ഥാപിക്കരുതെ?

റാവുസാഹിബു് കെ. അയ്യപ്പൻ : അതിന്നു സൌകര്യമില്ലന്നാണു് കാണുന്നതു്.

മിസ്റ്റർ പി. കരോരനെഴത്തച്ചൻ : ഈ ബസ്സ്സ്റ്റാൻറു് ആരുടെ വകയാണു്?

റാവുസാഹിബു് കെ. അയ്യപ്പൻ : മൻസിപ്പാലിറ്റി വകയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ കക്കൂസ ആരുടെ വകയാണു്?

റാവുസാഹിബു് കെ. അയ്യപ്പൻ: മൻസിപ്പാലിറ്റി വകയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : കക്കൂസ കൂടുതൽ വൃത്തിയാക്കി സൂക്ഷിക്കാൻ എപ്പോഴെ ചെയ്യുമതെ?

റാവുസാഹിബു് കെ. അയ്യപ്പൻ : എപ്പോഴും വൃത്തിയായിരിക്കണമെങ്കിൽ സെപ്റ്റിക് ടാങ്കാക്കണം.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണകവുണ്ടർ : ഈ അടുക്കളയും കക്കൂസയും തമ്മിൽ എത്ര അടി അകലമുണ്ടു്?

റാവുസാഹിബു് കെ. അയ്യപ്പൻ : ഏകദേശം ൩൦ അടി അകലമുണ്ടെന്നാണു് തോന്നുന്നതു്. കൃത്യമായി പറയാൻ സാദ്ധ്യമല്ല. കണക്കുകൂട്ടി ഓർക്കാൻ എനിക്കു പ്രയാസമാണു്. പരിശോധിക്കാൻ ചോദിക്കുന്നപക്ഷം തോറ്റു എന്നു സമ്മതിക്കാം.

മിസ്സിസ്സ്. ടി. ഫ്രാൻസിസ്സ് : കക്കൂസയാണു് ആദ്യം കെട്ടിയതു എന്നു് പറഞ്ഞല്ലൊ, അതിനുശേഷം അടുക്കള കെട്ടാൻ സാങ്ഷൻ കൊടുത്തതു മൻസിപ്പാലിറ്റിയല്ലെ?

റാവുസാഹിബു് കെ. അയ്യപ്പൻ : അതേ.

മിസ്സിസ്സ്. ടി. ഫ്രാൻസിസ്സ് : കക്കൂസയുടെ അടുത്തു അടുക്കള കെട്ടിയാൽ ഉപദ്രവമുണ്ടാകും എന്നു് അറിഞ്ഞുകൊണ്ടുതന്നെയല്ലേ മൻസിപ്പാലിറ്റി അതിന്നനുവാദം കൊടുത്തതു്?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ് കെ. അയ്യപ്പൻ: കെട്ടിടം കെട്ടാൻ അനുവാദം ചോദിച്ചപ്പോൾ അതു മുൻസിപ്പാലിറ്റി കൊടുത്തിട്ടുണ്ടാകും. ഇതിനെ സംബന്ധിച്ചു പറയുകയിൽനിന്ന് കാണുന്നതു കക്കൂസു അവിടെ ഇരിക്കുന്നതുകൊണ്ടു യാതൊരു പരാതിയും ഉണ്ടായിട്ടില്ലായെന്നാണ്.

മിസ്റ്റർ പറമ്പി ജോസഫ്: പരിക്ഷാത്ഥമാണ് ചോദ്യങ്ങൾ ചോദിക്കുന്നതു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു മെമ്പന്മാർക്ക് അപമാനകരമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി കരുതുന്നുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഹൌസിന്റെ ബഹുമാനത്തിനുവേണ്ടി വാദിച്ചു കൊണ്ടിരുന്ന മഠാധിപതി, പെട്ടെന്ന്, ഹൌസിന്റെ ബഹുമാനം നിസ്സാരമായി കരുതും എന്നു വിചാരിക്കുന്നതു സങ്കടകരമാണ്. അങ്ങിനെ വിചാരിക്കാതിരിക്കണമെന്നാഗ്രഹിക്കുകയുണ്ട്.

മിസ്റ്റർ എം. ഐ. പോൾ: കക്കൂസും, അടുക്കളയും അടുത്തിരിക്കുന്നതിനെ സംബന്ധിച്ചു പൊതുജനാരോഗ്യമന്ത്രിയുടെ അഭിപ്രായമെന്താണ്?

റാവുബഹദൂർ ടി. കെ. നായർ: ഇതു് പൊതുജനങ്ങളെ ബാധിക്കുന്ന കാര്യമാണോ, എന്നാണ് നോക്കേണ്ടതു്. പൊതുജനാരോഗ്യമന്ത്രിക്കു, രാത്രിയിൽ വീടിനുള്ളിൽ കയറി ചെന്നു്, അവിടത്തെ അടുക്കളയുടെ സ്ഥിതിയെപ്പറ്റി അന്വേഷിക്കാൻ അധികാരമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ എം. ഐ. പോൾ: ഇതിനെ സംബന്ധിച്ചു് മന്ത്രിക്കു ഒരു ഉത്തരവാദിത്വവുമില്ലേ?

റാവു ബഹദൂർ ടി. കെ. നായർ: ഉത്തരവാദിത്വമില്ലായെന്നു പറയുന്നില്ല.

മിസ്സിസ്സ്. ടി. ഫ്രാൻസിസ്സ്: ഇതു് വീട്ടിലെ അംഗങ്ങളുടെ ആരോഗ്യത്തെ ബാധിക്കും എന്നു വിചാരമില്ലേ?

റാവു ബഹദൂർ ടി. കെ. നായർ: അവിടെ ഒരു കക്കൂസുണ്ടു് അതുകൊണ്ടു് അവർക്കു ഉപദ്രവമുണ്ടോയെന്നു് അറിഞ്ഞുകൂടാ. ഒരു സമയം അവർക്കു് സുഖമായിരിക്കണം. (ചിരി).

മിസ്റ്റർ പി. നാരായണമേനോൻ: ഈ കക്കൂസു ഉപയോഗമില്ലാത്തവിധത്തിൽ നിർമ്മിക്കാൻ സാധ്യമല്ലേ?

റാവു സാഹിബ് കെ. അയ്യപ്പൻ: സെപ്റ്റിക് ടാങ്കാക്കിയാൽ ദുർഗന്ധമുണ്ടാകയില്ല.

മിസ്റ്റർ പി. നാരായണമേനോൻ: എല്ലാ പബ്ലിക്ക് കക്കൂസുകളും അത്തരത്തിൽ ആക്കുന്നതാ?

Mr. President: That question does not arise.

PERIOD OF APPOINTMENT OF THE REFORMS COMMISSIONER

5. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവു മറുപടി പറയുമോ.—

റിഫോംമ്സ് കമ്മിഷണരുടെ ഉദ്യോഗകാലാവധി എത്ര കാലം?

റാവു സാഹിബ് എ. മാധവപ്രഭു:

ഫെബ്രുവരി കർക്കടകം അവസാനംവരെ.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: ഫെബ്രുവരി കർക്കടകം അവസാനത്തിലെ ഈ ജോലി അവസാനിക്കുകയുള്ളു എന്നാണോ വിചാരിക്കുന്നതു?

റാവു സാഹിബ് എ. മാധവപ്രഭു: അതിനുമുമ്പു് ജോലി അവസാനിച്ചാൽ ഈ ഉദ്യോഗവും അവസാനിക്കും.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: അന്നത്തേക്ക് ഈ ജോലി അവസാനിക്കുമോ എന്നാണ് ചോദിക്കുന്നതു?

റാവു സാഹിബ് എ. മാധവപ്രഭു: തൽക്കാലം ഉദ്ദേശിക്കുന്നതു് ഇത്രമതിയെന്നാണ്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: ഐക്യകേരളത്തിന്റെ പ്രവർത്തനവും, റിഫോംമ്സ് കമ്മിഷണരുടെ ജോലിയിൽ പെട്ടതല്ലേ?

റാവു സാഹിബ് എ. മാധവപ്രഭു: വേണമെങ്കിൽ പെടുത്താമെന്നു മാത്രമേ ഉള്ളു.

LIBRARY ARCHIVES Kerala Legislative Assembly